- The phase alternations, emergency back feeding , Branching due capacity addition/deletions, alternation in phase sequence and scaling of LT network may result in mal-operations and can impose difficulty in maintenance

**Advantages of PRANADA**

- It is a life saving device and alert people in the event of power line snapping or de-capping
- It can produce visual and audio alarm in the event of mishap, The warning light can be seen up to 200m
- Its alarms will continue to operate for a long time in the event of line snapping
- It gives alert for the presence of voltage on the broken conductor *(not included in the basic instrument)*
- It can be used in an unstructured and scalable power distribution networks
- It is highly reliable due to simple and reliable architecture
- It is easy to install on the power conductor just fix with the clamps on the target conductor.
- It requires no manual interference for operation and virtually no operation cost
- Built in replaceable battery is used for powering the device so external power supply is not needed and can expect a long battery life due to very small leakage current in idle state
- It is reusable and test facility is provided for periodical health check up of the system
- It is a small device with aerodynamic design and light weight. it imposes no electrical or mechanical burden for networks
- It require no alternation in existing network nor additional wiring
- It is a plug and play device
- Nature of earth fault etc during conductor snapping does not affect the operation
- Phase alterations , back feeding, capacity addition, capacity lowering and scaling of the networks do not affect the operation
- Can be extended for V, I measurements and remote tripping

**ARIAL CYLINDRICAL REFLECTORS**

Many accidents are result of invisibility of conductor due to low light and dark color. The surface of conductor is prone to non-reflecting contamination and fungal growth.

Arial cylindrical reflectors are provided to give warning to the public for the presence of the conductor. It is a passive

methods but very efficient which provide cylindrical reflectors with fluorescent material which can continue to reflect light even in dim light conditions. The colour of the reflectors is chosen in such a way that we can even use this methods for distinguish between different phases, voltage levels and even feeding transformers. The advantages include very low cost, easy to install , no operating cost etc. The figure 2 below shows the Arial Cylindrical Reflectors.

Figure 2: Arial Cylindrical Reflectors



**Conclusion**

The conductor snapping and high sagging is a potential hazard. If not detected and isolated immediately, live downed conductors can be fatal to men, animals and materials. Prompt and accurate location of faults in a large-scale distribution system can accelerate system restoration, reduces outage time, and improves system reliability. Allevating accidents in LT networks due to the line snapping is a challenging techno-commercial problem for the distribution companys in devolping countries. This article discussed various issues, challengges and solutions for LT line downing. Diffferent solutions are discusses proposed and two innovations by the author is introduced.

**Reference**


1. Massimo Mitolo, *Rossano Musca, And Gaetano Zizzo* , IEEE Transactions on Industry Applications, Vol. 55, No. 2, March/April 2019 "A Cost-Effective Solution For Clearing High-Impedance Ground Faults In Overhead Low-Voltage Lines"
2. K.Jegannath, N.Madhavan, A. Md Abdul Raghaman, L. Peter Remy Jose, A.Devi "Electric Transmission Line Breaking Prevention System Using Gsmi" International Journal of Pure And Applied Mathematics Volume 119 No. 14 2018, 1001-1006
3. Vaisakh R Krishnan, Jerin Jose, Hassic Samad, Alan George Thomas, Sreeji S , Overhead Distribution Line Fault Detection , *International Journal Of Innovative Research In Electrical, Electronics, Instrumentation And Control Engineering Vol. 4, Issue 4, April 2016.*
4. *NCERT,* Repair And Maintenance of Power Distribution Lines
5. Sudha Balagopalan, Nikhil S., Gokul Govind , Proactive Detection of Sag or Snapping of Conductors In Transmission Lines Techs Vidya E-Journal of Research ISSN 2322 – 0791
6. F60 Feeder Protection System - GE Grid Solutions, www.gegridsolutions.com
7. Department of Electrical Inspectorate, www.ceikerala.gov.in

# Proposal for Distribution Wing Restructuring to Achieve Higher Revenue and Better Reliability :



*Er. K.G. Potty*
Assistant Executive Engineer

This note is prepared as a proposal to make KSEBL distribution wing a dynamic and modern utility to achieve targets and goals set by EA 2003 proposed amendmend and Central policies to promote competition and to bring rapid improvement in service.

The biggest challenge for a distribution utility is to improve sales and revenue. With drives running in parallel such as Soura and Filament free Kerala, the demand and revenue is going to be reduced in near future.

**The options to run KSEBL Distribution sector profitably are**

- To monitor sections based on their efficiency to sell target units/month
- To adopt drastic steps to avoid outages thereby increasing feeder availability, which ultimately will fetch increased consumption and revenue.
- To ensure restructured organization by which outages & consumer satisfaction will be better managed.
- Adopt technology to improve feeder availability.

As the first step, targets for monthly sales (units not amount) shall be charted out for next 12 months for each of the section office from historic data. Outage management to be very closely monitored to avoid down time. Unwanted Capital and maintenance works to be avoided.

The Organizational changes are expected to strengthen management to cope up with new era of customer satisfaction, project management and Finance management. This will also enable professionalism, competition and fast decision making at different levels of Management. As a result this will give more opportunities to young Engineers joining the Power Utility to grow and make a career according to their sincerity, vision and commitment. Engineers with Outstanding performance in each level shall be considered for promotion to next level of responsibility and shall be entrusted with opportunities to prove their ability and mettle in such levels irrespective of seniority or years of service.

**1. Distribution Section:**

Maximum consumer strength per section to be fixed as 15000. Sections with higher consumer strength shall be bifurcated / rearranged to ensure staff availability for timely actions.

Instead of present one AE as section head, proposal is 2 Engineers.

Maintenance (preventive, breakdown and planned maintenance works) will be taken

care by an Engineer with 1-5 years experience - designated as Assistant Manager. He will be responsible for upkeep and availability of installations in the section.

The second Engineer in a section shall be designated as Deputy Manager (5-10 years experience or outstanding promoted from Assistant Manager) and shall ensure Uninterrupted power supply (operation), Revenue, Consumer complaints redressal, new service connections, execution of new LT capital projects and laisoning with PMU for HT work related outages. He will have Senior Superintendent (SS) & team to support in revenue. Assistant Manager is supporting with maintance work related to consumer complaints. He will have a DB Sub Engineer to support in paper work, work bills and other office matters. He will be responsible for achieving operational target of sale of a energy during a month. SS will be responsible for realization of revenue proportional to units sold.

**2. Distribution Sub Division :**

3 sections to form a Sub Division, headed by Manager (10-15 yrs experience or outstanding promoted from Deputy Managers). He will be supported by one Assistant Manager & one DB SE. Shall be responsible for O&M, revenue, LT projects & Assessment under section 126. Legal laisoning and safety additional responsibilities to be removed. Sub Division head shall be entrusted to achieve operational targets in sales of energy and realization of LT projects. Standardization of existing LT lines shall be the highest priority work for the first 2 years. Responsible for energy audit, optimal loading of installed DTRs and annual budget utilization.

**3. Distribution Division :**

4 Sub Divisions shall constitute a Division. Senior Manager (Engineer with 15-20 years experience or outstanding promoted from Manager) shall head a Division. Divisional Accountant shall assist Sr. Mgr. Shall be responsible for sale of target million units per month & collection of revenue for the same. This shall continue as ARU. For every Division there shall be an exclusive dedicated Sub Division to handle archiving of all important documents like consumer agreements, work bills and so on to PDF, Meter testing and solar commissioning. Also legal matters shall be handled by a legal laison officer from Division - preferably by an advocate. Staff engaged in duplication works shall be entrusted with more productive works such as technical audit, energy audit etc.

**PMU :** A PMU wing under each Division is preferred. Headed by a Manager and supported by 2 Dy. Managers & 2 Asst. Managers. The PMU Manager with his team shall be responsible for estimation, awarding, material coordination, execution and making measurements & bill within stipulated cost & time. They shall plan with section to minimize outages. Section shall allow works only if they can meet target of sale of energy. Standardization of existing 11kV lines and transformers shall be the top priority works for first & second year.

**4. Distribution Circle :**

3 Electrical Divisions shall form a Distribution Circle. Headed by Deputy General Manager (DGM) having >20 years of service or outstanding promoted from Senior Manager. He shall be responsible

for circle's financial performance both in terms of income & expenditure, completion of projects in stipulated time, cost & quality and for achieving organization's goals set from time to time. Shall be entrusted to recommend appraisal of officers upto Senior Manager under his jurisdiction. Supported by AO & RAO in auditing and one Senior Manager, 2 Dy. Managers and 2 Asst. Managers. Senior Manager at Circle office shall monitor PMU, modernization and business development.

**A Safety wing** headed by a Senior Manager, having team of 4 Dy. Managers shall perform Safety Inspections, procurement of safety gadgets, training in safety and disciplinary actions related to safety violations independently in Circle level.

A Senior Manager with 2 Dy. Managers shall take care of **SCM** in each Circle. Centralized SCM may be discontinued.

Standard Material list, prequalified vendors list etc. shall be used. Testing witness, warrantees and related issues shall be dealt by this team. They will be responsible for making material flow in accordance with capital & maintenance works created in Saras. Delays in material supply & related cost impact can be avoided this way.

**5. Distribution Zone**

4 to 5 Circles shall constitute a Zone headed by General Manager having >25yrs of experience or outstanding promoted from Deputy General Manager.

All Distribution Zones will be under Director Distribution.

**Technology Upgradation :**

- Maintenance shall be planned only on problematic installations found using Thermal Imaging cameras to detect hot spots. Unwanted maintenance works keeping power supply switched off for entire day to be discontinued as top priority.
- Works shall be planned based on Project Management concept to reduce down time and revenue loss due to outage. Duration for work shall be strictly adhered ensuring materials availability before commencing the work.
- New technologies such as RMUs in towns to be widely used to increase feeder availability and to reduce outages thereby improving revenue.
- Maximum use of CFPDs in 11kV feeders to be ensured.
- Centralized Breakdown/Maintenance team to be introduced in night shift - Sub Division wise - with a vehicle so that keeping separate teams, vehicles (retention charges) & inventories can be reduced.
- Use of areal lifts to reduce down time and improved safety to be implemented urgently.
- Upgradation of old & non standard lines to standardized lines using ABC or covered conductors to be completed in next 2-3 years.
- No need to construct new lines & DTRs in 90% Sections. Continuous construction of too many interlinking lines causes lots of safety issues. Need of the hour is Optimum Capacity Utilization of installed equipments & lines using technical data. This will reduce new capital requirement & will improve return on investment already made.

❋

# REVERSE YOUR AGE, LIVE LONGER

***Er. Damodaran K.V.***
*Assistant Executive Engineer (Rtd.)*

A few years ago, I happened to read an interesting book from a library in California, USA "GROW YOUNGER, LIVE LONGER" by Deepak Chopra M D, a pioneer in the field of mind/body medicines. He is the author of several books related to the human mind development and wellness. He serves as the founder and chairman of Chopra Center for Well being in California, U.S.A. He delivers public speeches on his views on physical, mental, emotional, spiritual and social well being.

It is a well known fact, that everybody wishes to look younger when they grow old. It is this fact which attracted me to read this book. Ambitions and attempts to control aging have been part of human culture since early civilization. Anti - aging aspirations and efforts flourish even today perhaps more than ever. I would like to request my retired colleagues and other association members to go through this article or read the book under reference so that they can expect a sudden change in their view about body & mind.

Deepak chopra gives 10 steps to reverse the age and become young and live longer.

**1. Change your perception of aging:**

There is a saying "what you believe you become". So set this intention in your mind and start to grow younger and live longer. Your expectation of growing younger will lead to reversal of your aging.

Setting your Bio-stat: Suppose a 60 year old man wants to look like 50 year old- This becomes his bio-stat just like a thermo-stat to adjust temperatures. So your intention to stay at a particular bio-stat will directly influence your body of energy and intelligence.

**Everybody is supposed to have 3 types of ages:**

a) Chronological age: It is the age which relates to your date of birth. ie. the actual age as per date of birth.

b) Biological age : It is the age depending on the condition of different health parameters of our body. ie. blood pressure, sugar, liver conditions etc.

c) Physiological age: It is the age that a person actually appears to be externally.

We can reverse our biological age by setting our bio-stat to about 10/15 years less than our chronological age.

**2. Change your perception of time:**

Just imagine a timeless mind. ie. don't ever, time decides a parameter to your way of life. So timeless mind is an ageless body since mind and body are inseparable. You have to break the barriers of time. ie. a paradigm shift is needed to our attitude to our way of living.

**3. Change the perception of your body:**

Instead of viewing our body as a material vehicle similar to an automobile in which parts will inevitably breakdown until the body is no longer serviceable, think of it as a network of energy,

transformation and intelligence.

**4. Rest/Sleep:**

Experiencing deep rest in body and mind is the next step to grow younger and living longer. Our mind usually is in a fight or flight mode -The physiological changes that accompany fight or flight mode are:

1. your heart beat becomes faster.
2. your blood pressure rises.
3. you consume more Oxygen.
4. you breath faster.
5. expel more $CO_2$.
6. heart pumps more blood.
7. you sweat.
8. one part of your adrenalin glands pumps out adrenalin and nor-adrenalin which contracts blood vessel.
9. another part of adrenalin glands pumps out cortisol-
   (cortisol is a hormone released in stress condition which functions to increase the blood sugar and weaken immune system)
10. your pancreas releases less oxygen.
11. pituitary gland releases less growth hormone.
12. produces lower level of sex hormone.
13. your immune system is suppressed.

In short, agitation in body and mind creates diseases and accelerate aging. Deep rest in body and mind reverses biological age.

**5. Meditation:**

Practicing meditation is another tip for growing younger. Most of us might have attended yoga classes and learnt how to practice meditation. Sitting quite in a place with half empty stomach (not full or empty) and concentrating on one point without any thoughts, is the basic step for meditation- Better practice it under a yoga guru. Meditation gives complete relaxation of mind and body and eases many health concerns like high BP, depression etc.

**6. Nurturing body through healthy food:**

Eating nutritious and healthy food is another step to grow young and live longer. The food that we eat should contain the basic taste such as :

1. Sweet 2. Sour 3. Salty 4.Pungent. 5. bitter and 6. astringent.

1. Sweet: all types of carbohydrates,dairy products, such as milk, butter, fruits. etc.
2. Sour: lemon, orange, tomato, grapes, vinegar etc. are sour in taste and contain Acetic acid and vitamin C.
3. Salt: generally we add common salt for every food items we prepare.
4. Pungent : all spicy and hot items such as onion, garlic, chilly, ginger, pepper etc.
5. Bitter: bitter gourd, broccoli, celery, spinach etc.
6. Astringent: apple, bell pepper, butter-milk, pomegranate, whole-wheat, green tea, mushroom etc. are astringent in taste.

Besides the above, foods that contain essential vitamins such as A, B, C, D, E & K are to be taken to avoid vitamin deficiencies. Those who are at risk for heart disease should take additional doses of vitamin B6 & B12 which are abundant in avocado, nuts, fish, milk, Soyabeans, green leaf veg. etc.

**7. Physical fitness exercise:**

Our ability to carry out daily task and routine physical activities without undue fatigue is physical fitness- So do some exercise daily to improve muscle strength

and flexibility to body -Doing Aerobic exercise is good for better functioning of heart and lungs -Because it strengthens both the organs to work harder. More Oxygen is taken in, to meet energy demands during aerobics and hence the name Aerobics- A brisk walk in the early morning for about 30-40 mts is also highly beneficial .

**Sun salutation (Surya Namaskar)**

It is needless to mention the usefulness of Surya namaskar,since most of us are acquainted with yoga culture these days.

Performing Suray namaskar before sun rise in the empty stomach tones up digestive system,strengthens abdominal muscles, promotes sound sleep,get rid of constipation,improves overall health and altogether makes you young and energetic.

**8) Elimination of toxins from body :**

Smoking, drinking alcohol, environmental pollution, radiation, anti-biotics, drugs, paper, chlorine, nail-polish, paint, room-spray, laundry products, chemotherapy drugs, aged and fermented food, hydrogenated fat (trans fat),canned food, caffeine, pesticides, food coloring, preservatives, etc. produces toxins and harm the body tissues. This happens because of free radicals that are formed during the process of oxidation, ie. during metabolism. Oxidation is a normal body process during which new cells are generated, but harmful oxidants known as free radicals which are forms of Oxygen are sometimes generated which can work against the immune system and develop degenerative process. Free radical is an Oxygen molecule that is missing an electron. Such free radicals are free to join with the neighboring cells and damage them which results in cancer .

Anti-oxidant: To neutralize the damaging effect of free radicals, foods that contain antioxidants like vitamins and minerals are to be used. Vitamin C is a great antioxidant. The main antioxidant foods that contain vitamin C are fruits like oranges, lemon, strawberry, pappaya, gauva and vegetables like tomato, broccoli, bell- pepper, peas and all green leafy vegetables. Vitamin C is also useful to look younger and for the maintenance of tissues and blood vessels. Vitamins A&E are also powerful anti-oxidants.

**9) HAVE A LET GO ATTITUDE:**

Without arguing for anything and every thing, have a 'LET GO" (don’t care) attitude when dealing with others . Let your heart function without anger, resentment, grievance and regrets. Such habits will adversely affect your life expectancy .

**10) Have a happy and sacred married life:**

Have a married life based on mutual respect and love. When dealing with partners try to avoid habits such as controlling, uncompromising and stubbornness. Don't be argumentative and aggressive -Such traits may hurt their feeling and make them frustrated and depressed.They feel good when their needs are met and bad when they are not. Not getting their need met, leads to stress ,toxic emotions and toxic relationship.

As far as I know , there is only one object on earth which has Life time Guarantee:that is our Body. It is our duty to maintain it properly.

Courtesy ...

"Grow Younger, Live Longer"

By Deepak chopra M.D.

# “ അമ്മ വരുന്നതുവരെ ?”



*Er.* **അനീഷ് ഫ്രാൻസിസ്**
അസിസ്റ്റന്റ് എഞ്ചിനീയർ

**പാ**വൽപ്പടർപ്പിലെ ഏറ്റവും വലിയ ഇലയിലാണ് ആ പുൽച്ചാടി ഇരുന്നത്. തവിട്ടു നിറമുള്ള ദേഹത്തു വലിയ ചിറകുള്ള ഒരു പുൽച്ചാടി. പച്ചനിറമുള്ള ചിറകുകൾ കൊണ്ട് ഇലയുടെ അരികുകളിൽ അവൻ അള്ളിപ്പിടിച്ചു.

“എന്നാണ് ഈ പൂവ്, കായാവാൻ തുടങ്ങുന്നത്?” പുൽച്ചാടി ഇലകളോട് ചോദിച്ചു.

“അതൊക്കെ പറയാം. അത്താഴം കഴിഞ്ഞു അപ്പൂപ്പൻ ഇപ്പോൾ പുറത്തു വരും. അടുക്കള വാതിൽ തുറന്നു ഞങ്ങളുടെ മേൽ വെള്ളമൊഴിക്കും. അപ്പോൾ നീ പേടിച്ചു പറന്നു പോകരുത്.” ഇലകൾ പറഞ്ഞു.

“എനിക്കൊരു പേടിയുമില്ല. ഞാൻ പറക്കുകയില്ല. കണ്ടില്ലേ എന്റെ പച്ച ചിറകുകൾ കരുത്തുള്ളവയാണ്.” അവൻ പറഞ്ഞു.

പാവലിലകൾ ആ തമാശ, തങ്ങളുടെ ഇലകളിൽ സ്പർശിച്ചു കടന്നു പോകുന്ന മത്തന്റെ വള്ളിയോടു പറഞ്ഞു. അത് തുളസിയോടും മുരുക്കിനോടും കൊന്നയിൽ പടർന്നുകയറിയ മുല്ലയോടും പറഞ്ഞു. അടുക്കളവശത്തെ ചെടികൾ ഒന്നടങ്കം ആ തമാശ കേട്ട് ചിരിച്ചു. കയ്യാലക്കപ്പുറം ഉയർന്നുനിൽക്കുന്ന കപ്പളവും, കാപ്പിച്ചെടികളും, മൾബറിയും കാറ്റിൽ ആ ചിരി കേട്ടു ചെവികൂർപ്പിച്ചു.

രാത്രി ആകാശത്തിൽ കൊച്ചു നക്ഷത്രങ്ങൾ നിരന്നു. ഉണ്ണി ഉറങ്ങാൻ നേരമായി.

‘തമാശ കളയൂ, നാളെ ഈ പൂവ് കായാകുമോ’ പുൽച്ചാടി ചോദിച്ചു.

‘ഇന്ന് അർദ്ധരാത്രി’ ഒരില പറഞ്ഞു.

‘അല്ല ഇന്ന് വെളുപ്പിന് നക്ഷത്രങ്ങൾ മായുമ്പോൾ.”മറ്റൊരില പറഞ്ഞു.

“ഞങ്ങൾ ഇനിയുള്ള പൂവുകൾ ഉണ്ണി ഇറങ്ങി വരുമ്പോൾ അവനു കാണാൻ വേണ്ടി കാത്തു വച്ചതാണ്. പക്ഷേ......ഇനിയും കാക്കാൻ വയ്യ..” വേറൊരു ഇല നെടുവീർപ്പോടെ പറഞ്ഞു.

അപ്പോൾ അപ്പൂപ്പൻ ആശ്രമത്തിന്റെ അടുക്കള വാതിൽ തുറന്നുവന്നു. നീണ്ട താടി ഉഴിഞ്ഞു അദ്ദേഹം ആകാശത്തേക്ക് ഒരുനിമിഷം നോക്കി. പിന്നെ മൊന്തയിലെ വെള്ളം പാവലിലേക്ക് ഒഴിച്ചു. ഇത്ര പെട്ടെന്ന് അപ്പൂപ്പൻ വരുമെന്ന് പുൽച്ചാടി കരുതിയിരുന്നില്ല. ഒരു വെള്ളച്ചാട്ടം തന്റെ ചിറകിൽ സ്പർശിച്ചതും അവൻ ചിറകുവിടർത്തി ഇരുട്ടിലേക്ക് പാഞ്ഞു. ആ പോക്ക് കണ്ടു ചെടികൾ ചിരിക്കേണ്ടതായിരുന്നു. എങ്കിലും അവർ ചിരിച്ചില്ല. കാരണം അപ്പൂപ്പന്റെ കണ്ണുകൾ നിറഞ്ഞിരിക്കുന്നത് അവർ കണ്ടിരുന്നു.

“അപ്പൂപ്പാ, പാവൽ കായ്ച്ചുവോ ?” ഉണ്ണി ചോദിച്ചു.

ആ അഞ്ചു വയസ്സുകാരൻ തടുക്കുമെത്തയിൽ മുഖം അമർത്തി കിടക്കുകയായിരുന്നു.

“ഇല്ല. മോനെ..”

“എനിക്ക് തുളസിയിലകൾ മണക്കാൻ തോന്നുന്നു.”

“അവ വെയിലിൽ കരിഞ്ഞു വാടിനിൽക്കുകയാണ്.”

“മുല്ലപ്പൂവിനു എന്തിന്റെ മണമാണ് അപ്പൂപ്പാ..”

“നിലാവിന്റെ.”

“എനിക്ക് ഒരു മുല്ലപ്പൂ ഇറുക്കാൻ കൊതിയായി.”

“നിലാവ് കുറവാണിപ്പോ.”അപ്പൂപ്പൻ പറഞ്ഞു.

“അമ്മ എന്ന് വരും അപ്പൂപ്പാ..” അവൻ ചോദിച്ചു. അപ്പൂപ്പൻ അതിനു മറുപടി പറഞ്ഞില്ല.

അവന്റെ കൺപോളകൾ അടഞ്ഞുതൂങ്ങാൻ തുടങ്ങുന്നത് വൃദ്ധൻ കണ്ടു. ഭക്ഷണത്തിനു ശേഷമുള്ള മരുന്ന് പ്രവർത്തിച്ചു തുടങ്ങിയിരിക്കുന്നു.

“ഉണ്ണി ഉറങ്ങിയോ ?”എല്ലാവരും അടുക്കള ജനാലക്കരികിൽ ഇലകൾ പടർത്തി വളർന്നു നിന്ന തുളസിയോട് ചോദിച്ചു. നിലാവിൽ, കാറ്റിൽ ആ ചോദ്യം തുളസിയിൽ നിറഞ്ഞു. തുളസി മറുപടി പറയാതെ അതിന്റെ ഇലക്കണ്ണുകൾ വിടർത്തി ജനാലയഴികളിലൂടെ അകത്തേക്ക് നോക്കി. നക്ഷത്രങ്ങളും ചെടികളും അവളുടെ മറുപടിക്കായി കാത്തു.

“അവൻ ഉറങ്ങി. അവൻ വളരെ ക്ഷീണിതനാണ്. അപ്പൂപ്പൻ തടുക്കുമെത്തയിൽ ഇപ്പോഴും അവന്റെയരികിൽ ഇരുന്നു അവന്റെ മുടി തലോടുന്നത് ഞാൻ കാണുന്നു.” നെടുവീർപ്പോടെ തുളസി അറിയിച്ചു.

“അവന്റെ ക്ഷീണം മാറിത്തുടങ്ങി എന്നാണു ഞാൻ കരുതിയത്.”കാപ്പിച്ചെടി പറഞ്ഞു.

“ഇനിയെന്നാണ് അവൻ പുറത്തുവന്നു നമ്മളെ കാണുക. ഈ പഴങ്ങൾ അവനു വേണ്ടിയാണ് ഞാൻ കാത്തുവച്ചിരിക്കുന്നത്.'' കപ്പളം പറഞ്ഞു.

“ഞാനും.”മൾബറി പറഞ്ഞു.

“അവൻ ഉടനെ സുഖമാകും. അവൻ നമ്മളെ കാണാൻ വരും. അതുവരെ എല്ലാവരും കാക്കുക.” പാവൽ പറഞ്ഞു.

''എനിക്കുറപ്പില്ല. എന്ത് ചെയ്യണം എന്നും അറിയില്ല. ഇനിയും കാത്താൽ ഈ വർഷം ഞാൻ പൂക്കാതെ നശിച്ചു പോകും. കാപ്പിപ്പൂക്കളുടെ ഗന്ധമുള്ള നിലാവ് ഉണ്ണിക്ക് ഒരുപാട് ഇഷ്ടമാകും..'' ഒരു കാപ്പിച്ചെടി പറഞ്ഞു. ചെടികൾ അങ്ങോട്ടുമിങ്ങോട്ടും കലപില കൂട്ടുന്നതിനിടയിൽ മൾബറിയിലകൾക്കിടയിൽ നിന്ന് ഒരു നീലശലഭം പുറത്തു വന്നു. അവൾ നിലാവിൽ തുളസിയിലകൾക്ക് മേൽ പറന്നു.

''നിങ്ങളെ എല്ലാവരേയുംകാൾ ആകുലത എനിക്കാണ്. കാരണം കൂട് പൊട്ടിച്ചു എന്റെ കുഞ്ഞുശലഭങ്ങൾ പുറത്തുവരാൻ നേരമാകുന്നു. അതുകൊണ്ട് ഉണ്ണി എന്ന് നമ്മളെ കാണാൻ വരുമെന്ന് അറിയേണ്ടത് നിങ്ങളെക്കാൾ കൂടുതൽ എന്റെ ആവശ്യമാണ്. ഇന്നലെ ഞാൻ അവന്റെ മുറിയിൽ കയറി.” ശലഭം പറഞ്ഞു.

എല്ലാവരും നിശ്ശബ്ദരായി. ചെറുമേഘങ്ങൾ ഉണ്ണിയുടെ വാർത്ത കേൾക്കാനായി തങ്ങളുടെ യാത്ര നിർത്തി കാതുകൂർപ്പിച്ചു.

“ഉണ്ണി ഉറങ്ങിക്കിടക്കുകയായിരുന്നു. ഞാൻ ചെന്നപ്പോൾ വൈദ്യൻ അവനെ പരിശോധിച്ചതിനു ശേഷം മുറിയിൽനിന്ന് ഇറങ്ങാൻ തുടങ്ങുകയായിരുന്നു. അപ്പൂപ്പൻ വൈദ്യനോട് പറയുന്നത് ഞാൻ കേട്ടു .“അവൻ അമ്മയെ കാണാൻ ഒരുപാട് ആഗ്രഹിക്കുന്നു.”.

‘അവർ ഉടനെ വരുമോ?.”വൈദ്യൻ ചോദിച്ചു.“

‘വരുമോയെന്നറിയില്ല. അറിയിച്ചിട്ടുണ്ട്.'' അപ്പൂപ്പൻ പറഞ്ഞു.

”അമ്മ വരുന്നത് വരെ.” വൈദ്യൻ പഞ്ഞു.

“ഇത്രയുമാണ് ഞാൻ കേട്ടത്. അതിനർത്ഥം അമ്മ വന്നാൽ അവനു സുഖമാകുമെന്നും അവൻ പുറത്തുവരുമെന്നുമാണ്. എന്റെ നീലശലഭക്കുഞ്ഞുങ്ങൾ ഉണ്ണിക്കുവേണ്ടി കാത്തിരിക്കുന്നു. ”ശലഭം അറിയിച്ചു.

“ഉണ്ണി അവന്റെ അമ്മയെ ഇതുവരെ കണ്ടിട്ടില്ല.” ജനാലയരികിലെ തുളസി പറഞ്ഞു. അത് കേട്ട് യാത്ര പുറപ്പെടാൻ തുടങ്ങിയ മേഘങ്ങൾ വീണ്ടും നിന്നു.

“അത് നിനക്കെങ്ങനെ അറിയാം.? ”ശലഭം ചോദിച്ചു.

“അവൻ ജനിച്ചപ്പോൾ മുതൽ ഞാൻ ഈ ആശ്രമത്തിൽ അവനെ കണ്ടുകൊണ്ട് നിൽക്കുന്നു. ഞാനും അവനൊപ്പം വളർന്നതാണ്. ഞാൻ അവന്റെ നിമിഷങ്ങൾക്ക് സാക്ഷിയാണ്. ഇതുവരെ അപ്പൂപ്പനല്ലാതെ വേറെ യാരും അവനോട് സംസാരിക്കുന്നത് ഞാൻ കണ്ടിട്ടില്ല.” തുളസി വെളിപ്പെടുത്തി. കുഞ്ഞു നക്ഷത്രങ്ങളും മേഘങ്ങളും, മറ്റു ചെടികളും അവളെ ബഹുമാനത്തോടെ നോക്കി.

“കുന്നുകൾ കയറി, ഈ കാനന പാതയിലൂടെ കടന്നു അവന്റെ അമ്മ വരുമോ ?” എല്ലാവരും ചിന്തിച്ചു. പക്ഷേ അതാരും ഉറക്കെ പറഞ്ഞില്ല.

“അവന്റെ അമ്മയെ വഴിയിലെങ്ങാൻ കണ്ടാൽ, ഞങ്ങൾ അറിയിക്കാം. കുന്നുകൾക്കും , വനങ്ങൾക്കും മുകളിലൂടെ ഉണ്ണിയുടെ അമ്മയെ തിരഞ്ഞു ഞങ്ങൾ പോകയായി”; ചെറിയ വെളുത്ത മേഘങ്ങൾ ചെടികളോട് പറഞ്ഞു. മെല്ലെ വെള്ള വഞ്ചികൾ പോകുന്നത് പോലെ അവർ യാത്രയായി.

പിറ്റേന്ന് കനത്ത വെയിലിൽ ആശ്രമത്തിന്റെ അടുക്കളവളപ്പിലെ ചെടികൾ ക്ഷീണിച്ചു നിന്നു. എങ്കിലും തുളസിയുടെ കണ്ണുകൾ അപ്പോഴും ഉണ്ണിയുടെ മുറിയിലായിരുന്നു. പകൽ ഉണ്ണിയുടെ അമ്മ വന്നില്ല.

മേഘങ്ങൾ അവരെ എല്ലായിടത്തും തിരഞ്ഞു. ഒടുവിലവർ ഉണ്ണിയുടെ അമ്മയെ കണ്ടെത്തി. കുന്നുകൾ കടന്നു വനത്തിലൂടെയുള്ള പാതയിൽ, ഒരു വാഹനത്തിൽ അവർ വരുന്നുണ്ടായിരുന്നു.

“ഉണ്ണിയുടെ അമ്മ വരുന്നുണ്ട്.” മേഘങ്ങൾ പരസ്പരം പറഞ്ഞു. വൃക്ഷ ചില്ലകളിലൂടെ, ചെറു അരുവികളിലൂടെ ആ വാർത്ത ആശ്രമ വളപ്പിൽ  കാറ്റ് അതിവേഗമെത്തിച്ചു.

“അവന്റെ നില അതീവ മോശമാവുകയാണ്. പനിച്ചൂടിൽ അവന്റെ ദേഹം പൊള്ളുന്നു. എങ്കിലും അവൻ നമ്മുടെ കാര്യമാണ് പറയുന്നത്. അമ്മ, പൂക്കൾ, നിലാവ്, ശലഭം, ചെടികൾ എന്നിങ്ങനെ ചിതറിയ  വാക്കുകൾ മാത്രം ഇപ്പോൾ പുറത്തുവരുന്നു. അവനു സംസാരിക്കാൻ കഴിയുന്നില്ല.'' തുളസി പറഞ്ഞു.

ഉണ്ണിയുടെ അമ്മ ഒന്നുവേഗം വന്നിരുന്നെങ്കിൽ, ചെടികൾ പ്രാർത്ഥിച്ചു. ഉണ്ണിയുടെ അമ്മയ്ക്ക് വേണ്ടി മഴ മാറിനിന്നു. മാർഗ തടസം ഉണ്ടാകാതിരിക്കാൻ വൃക്ഷ ചില്ലകളിൽ നിന്ന് കാറ്റ് ഓടിയൊളിച്ചു. വനപാത വ്യക്തമാകാൻ നിലാവ് തെളിഞ്ഞു.

ഒടുവിൽ ഉണ്ണിയുടെ അമ്മ വന്നു.

അപ്പോൾ ഉണ്ണി ഉറക്കത്തിന്റെ പൂന്തോട്ടത്തിലേക്ക് ഓടി കയറുകയായിരുന്നു. നിലാവ് വീണുകിടക്കുന്ന പൂന്തോട്ടത്തിൽ ആയിരം മിന്നാമിന്നികൾ ഉണ്ണിയെ കണ്ടു ചിരിച്ചു.

അമ്മ അവന്റെ നെറ്റിയിൽ കൈവച്ചു. പിന്നെ പൊള്ളുന്ന നെറ്റിയിൽ ഉമ്മവച്ചു. അപ്പോൾ ഉണ്ണി ഉറക്കത്തിൽ പുഞ്ചിരിച്ചു.

“അമ്മ.” അവൻ മെല്ലെമന്ത്രിച്ചു.

''ഉണ്ണിയുടെ അമ്മ വന്നു.''തുളസിച്ചെടി ആഹ്ലാദത്തോടെ വിളിച്ചു പറഞ്ഞു.

“ഇനി ഉണ്ണി ഉടനെ പുറത്തുവരും. നാം അവനു വേണ്ടി കാത്തുവച്ചിരിക്കുന്ന അത്ഭുതങ്ങൾ അവനെ കാണിച്ചു കൊടുക്കണം.”ശലഭം പാടി.

ചെടികൾ ആശയോടെ കാത്തിരുന്നു.

# വിലയ്ക്കുവാങ്ങുന്ന വിപത്തുകൾ–7

## കുട്ടികളെ കുടുക്കുന്ന കുഴൽക്കിണറുകൾ



*Er. ഇ.എം. നസീർ*
*എക്സിക്യുട്ടീവ് എഞ്ചിനീയർ (Rtd.)*

**വി**ലയ്ക്കു വാങ്ങുന്ന വിപത്തുകൾ എന്ന പരമ്പരയ്ക്കുവേണ്ടിയുള്ള പുതിയ വിഷയം തിരയുമ്പോഴാണ് ഈ വർഷത്തെ ശിശുദിനം ആഗതമാകുന്നത്. ഇത്തവണത്തെ ശിശുദിനത്തിൽ കുട്ടികളുമായി ബന്ധപ്പെട്ട ദുഃഖകരമായ വസ്തുതകളുമായി ഒരദ്ധ്യായം ഈ പരമ്പരയുടെ കണ്ണിയാകുന്നത് തികച്ചും ആകസ്മികം.

കുട്ടികൾ കുഴൽക്കിണറുകളിൽ വീഴുന്ന സംഭവങ്ങൾ ആവർത്തിച്ചുകൊണ്ടേയിരിക്കുന്നു. മുൻകാലങ്ങളിൽ ഇത്തരം അപകടങ്ങൾ വലിയ ഒച്ചപ്പാടിന് ഇടയാക്കിയിരുന്നെങ്കിലും പതിവുകാര്യംപോലെയായപ്പോൾ അതിന്റെ ഗൗരവം കുറഞ്ഞ് വാർത്താപ്രാധാന്യം കുറയുന്നതുപോലെ തോന്നുന്നു. ഇത്തരം അപകടങ്ങളുമായി ബന്ധപ്പെട്ടുള്ള സമീപകാലങ്ങളിലെ സംഭവങ്ങളിലെ ലഭ്യമായ വിവരങ്ങൾ താഴക്കൊടുക്കുന്നു.

2019 മാർച്ചിൽ മദ്ധ്യപ്രദേശിലെ ഉമരിയാ ഗ്രാമത്തിൽ അപകടത്തിൽപ്പെട്ട അഞ്ചുവയസ്സുകാരനെ രക്ഷിക്കാനായി. ഏപ്രിൽ മാസത്തിൽ രണ്ടപകടങ്ങളാണുണ്ടായത്. അതിൽ യു.പി.യിലെ റാഷിദ്പൂർ ഗ്രാമത്തിൽ കുഴൽക്കിണറിൽ വീണ എട്ടുവയസ്സുകാരിയെ രക്ഷിക്കാനായില്ല. യു.പി.യിലെ തന്നെ മഥുരജില്ലയിൽ അപകടത്തിൽപ്പെട്ട അഞ്ചുവയസ്സുകാരനെ രക്ഷപ്പെടുത്തി. മേയ്മാസത്തിൽ രാജസ്ഥാനിലെ ജോധ്പൂരിൽ നാലുവയസ്സുകാരി കുഴൽക്കിണറിൽ അകപ്പെട്ടുപോയി. രക്ഷാപ്രവർത്തനങ്ങൾ ഫലംകാണാതെ കുട്ടി

---

ഒരു നീല മിന്നാമിന്നി ഉണ്ണിയുടെ മുറിയിൽ നിന്ന് പുറത്തുവന്നു. അത് തുളസിയിലകൾക്ക് മുകളിൽ പറന്നുനിന്നു.

“നിനക്കെന്തു സുഗന്ധമാണ്..” മിന്നാമിന്നി തുളസിയോട് പറഞ്ഞു.

തുളസി അത്ഭുതത്തോടെ നോക്കി. അത് ഉണ്ണിയുടെ ശബ്ദമായിരുന്നു.

“ഉണ്ണി.. ഉണ്ണി..”തുളസിയിലകൾ മന്ത്രിച്ചു.

‘‘അതെ കൂട്ടുകാരെ, ഞാൻ നിങ്ങളുടെ ഉണ്ണിയാണ്. എനിക്കുവേണ്ടി നിങ്ങൾ ഇത്ര നാൾ അത്ഭുതങ്ങൾ കാത്തുവച്ചല്ലോ. ഉറക്കത്തിന്റെ പൂന്തോട്ടത്തിലേക്ക് പോകും മുൻപ് നിങ്ങളുടെ അത്ഭുതങ്ങൾ ഞാനാസ്വദിക്കട്ടെ.” മിന്നാമിന്നി പറഞ്ഞു.

ആ നിമിഷം ആശ്രമവളപ്പിലെ ചെടികൾ പൂത്തുലഞ്ഞു. നിലാവിന് കാപ്പിപ്പൂക്കളുടെയും കാട്ടുമുല്ലയുടെയും ഗന്ധമായിരുന്നു. ഇലകളുടെ കൂട്ടിൽനിന്ന് നീലശലഭങ്ങൾ പുറത്തുവന്നു. പൂക്കളും കായ്കളും പഴങ്ങളും മിന്നാമിന്നിയെ നോക്കി ചിരിച്ചു.

അകത്ത് ഉണ്ണി ഉറങ്ങിക്കിടന്നു.

✵

മരണപ്പെടുകയാണുണ്ടായത്. ജൂൺമാസത്തിൽ പഞ്ചാബിലെ സംഗരൂരിൽ കിണറ്റിൽ വീണ രണ്ടു വയസ്സുകാരനെ പുറത്തെത്തിച്ചുവെങ്കിലും മണിക്കൂറുകൾക്കുശേഷം മരിച്ചു. തമിഴ്നാട്ടിലെ തിരിച്ചിറപ്പള്ളിയിൽ രണ്ടു വയസ്സുകാരൻ അപകടത്തിൽപ്പെട്ടു മരിച്ചത് ഒക്ടോബർ മാസത്തിൽ.

2020 നവംബർ നാലിന് മദ്ധ്യപ്രദേശിലെ നിവാരിയിൽ മൂന്നു വയസ്സുകാരൻ ഇങ്ങനെയൊരപകടത്തിൽ മരിച്ചതാണ് കിട്ടിയ വിവരങ്ങളിൽ ഒടുവിലത്തേത്.

വർഷത്തിൽ ശരാശരി ആറ് അപകടങ്ങളെങ്കിലും സംഭവിച്ചുവരുന്നതായാണ് റിപ്പോർട്ടുകൾ. പതിനഞ്ചുവർഷത്തിനിടെ തമിഴ്നാട്ടിൽ മാത്രം പത്തു കുട്ടികളാണ് ഇങ്ങനെ മരിച്ചത്. അപകടത്തിനിരയാവുന്ന വരിൽ ഏറെയും കുട്ടികൾ ഉപേക്ഷിക്കപ്പെടുന്ന കുഴൽക്കിണറുകൾ സുരക്ഷാസംവിധാനങ്ങളില്ലാത്തതിനാൽ മരണക്കിറുകളായി പരിണമിച്ചു വരുന്നു.

അപകടങ്ങൾ ആവർത്തിക്കുമ്പോഴും സർക്കാരുകളുടെയും പ്രാദേശിക ഭരണകൂടങ്ങളുടെയും ഉദ്യോഗസ്ഥരുടെയും ജാഗ്രതക്കുറവും അനാസ്ഥയും തുടർന്നുകൊണ്ടേയിരിക്കുന്നു. തമിഴ്നാട് സർക്കാരിന്റെ അലംഭാവത്തിനെ ചെന്നൈ ഹൈക്കോടതി രൂക്ഷമായിത്തന്നെ വിമർശിച്ചിരുന്നു.

ഉപയോഗശൂന്യമായ കുഴൽക്കിണറുകൾ മൂടണമെന്ന് പത്തുവർഷം മുമ്പുതന്നെ സുപ്രീം കോടതി ഉത്തരവിട്ടിരുന്നതാണ്. അതിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിരുന്നു. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2015-ൽ തമിഴ്നാട് സർക്കാർ ഒരു നിയമ ഭേദഗതി കൊണ്ടു വന്നിരുന്നുവെങ്കിലും ഫലപ്രാപ്തിയിലെത്തിയില്ല.

സുപ്രീംകോടതിയുടെ നിർദ്ദേശങ്ങൾ ഇങ്ങനെയാണ്. അധികൃതരുടെ രേഖാമൂലമുള്ള അനുമതി ലഭിച്ചശേഷം മാത്രമേ കുഴൽക്കിണറുകൾ കുഴിക്കാവൂ. രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾ മാത്രമേ കുഴൽക്കിണറുകൾ നിർമ്മിക്കാവൂ. മുന്നറിയിപ്പു ബോർഡുകൾ സ്ഥാപിച്ചിരിക്കണം. കോൺക്രീറ്റ് കൊണ്ടുള്ള ചുറ്റുമതിലും സ്റ്റീൽ കൊണ്ടുള്ള മൂടിയും കിണറുകൾക്കുണ്ടാകണം. ഉപയോഗശൂന്യമായ കിണറുകൾ കർശനമായും മൂടിയിരിക്കണം.

ഇങ്ങനെയുള്ള കാർക്കശ്യവും വ്യക്തവുമായ നിബന്ധനകളുണ്ടായിട്ടും അനങ്ങാപ്പാറ നയമാണ് അധികൃതരിൽ നിന്നുണ്ടായിട്ടുള്ളത്. സർക്കാർ കാര്യം മുറപോലെയെന്ന മട്ടിൽ. കാർഷിക മേഖലയും ഗ്രാമീണ മേഖലയും ആദിവാസി മേഖലയുമൊക്കെയാണ് എപ്പോഴും അവഗണിക്കപ്പെടുന്നത്. അവിടങ്ങളിലെ പാവപ്പെട്ടവരുടെ കുട്ടികളാണ് അപകടങ്ങൾക്കിരകളാവുന്നതും. അനാഥ ശിശുക്കളെപ്പോലെ അവകാശങ്ങളില്ലാത്ത പിഞ്ചുകുഞ്ഞുങ്ങൾ ശിശുദിനത്തിൽപ്പോലും പരിഗണന ലഭിക്കാത്ത ബാല്യങ്ങൾ.

ശിശുക്ഷേമത്തിനുവേണ്ടിയുള്ള പദ്ധതികളും പ്രസ്ഥാനങ്ങളും പ്രഭാഷണങ്ങളും വാഗ്ദാനങ്ങളും ഏറെയുണ്ടെങ്കിലും കുഴൽക്കിണറുകളുടെ ഇരകളായേക്കാവുന്ന കുട്ടികളുടെ കാര്യത്തിൽ ഫലപ്രദമായിട്ടെന്തെങ്കിലും നടക്കുന്നതായിക്കാണുന്നില്ലായെന്നത് ഏറെ നിർഭാഗ്യമെന്നേ പറയാനാകൂ.

# സുഭാഷിതം

# ആത്മപരിശോധന



*Er.* ***കെ. ശശിധരൻ,*** കണ്ണൂർ *(Rtd.)*

'ഈ ലോകം കാണുന്നേര -
മോക്കാനം വരുന്നുണ്ടെങ്കിലും
ഛർദ്ദിക്കാൻ വയ്യ
എന്റെ മുഖത്താകും'

കുഞ്ഞുണ്ണിയെന്ന വലിയ കവി ലോകത്തോട് ഉറക്കെ പാടിയതാണിത്. നാം അനുഭവിക്കുന്ന ദുരിതങ്ങൾക്ക് ആരാണ് ഉത്തരവാദി? പഴി പലരിലും ചാരി സ്വയം ഒഴിഞ്ഞു മാറാം. പരീക്ഷയിൽ തോറ്റ വിദ്യാർത്ഥി, തോൽവിയുടെ കാരണം അദ്ധ്യാപകരിലും സ്വന്തം രക്ഷിതാക്കളിലും ചിലപ്പോൾ ഭരണാധികാരികളിൽ പോലും ആരോപിക്കുന്നു. താൻ പഠിക്കാത്തതുകൊണ്ടാണ് തോറ്റതെന്ന് അവൻ ഒരിക്കലും സമ്മതിക്കില്ല. അതുകൊണ്ടാണ് ഇന്ന വിഷയത്തിൽ പൊട്ടി അല്ലെങ്കിൽ ഇന്ന വിഷയം കിട്ടിയില്ല എന്നൊക്കെ അവൻ പറയുന്നത്.

കൈക്കൂലിക്ക് കാരണക്കാരൻ കൊടുക്കുന്നവനൊ അതൊ വാങ്ങുന്നവനൊ? രണ്ടു പേരും പരസ്പരം പഴിചാരും. സന്തോഷത്തോടെ തന്നതുകൊണ്ട് വാങ്ങിയെന്ന് വാങ്ങിയവനും കാര്യം എളുപ്പത്തിൽ സാധിക്കാൻ വേറെ വഴിയില്ലാത്തതിനാൽ ഇഷ്ടമില്ലെങ്കിലും കൊടുക്കാൻ തയ്യാറായതാണെന്ന് കൊടുത്തവനും സ്വയം ന്യായീകരിക്കും. ചെയ്യുന്ന തെറ്റിന്റെ ഭവിഷ്യത്തിനെക്കുറിച്ച് ഇവരോർക്കുന്നില്ല. വാങ്ങിയവന് നേട്ടമായതുകൊണ്ട് സന്തോഷം. ഒത്തുവന്ന അവസരങ്ങളൊന്നും അവൻ പാഴാക്കില്ല. ക്രമേണ അത് ശീലമാകുന്നു. പിന്നെ കോഴ കിട്ടിയില്ലെങ്കിൽ ഒന്നും ചെയ്യില്ല എന്ന സ്ഥിതിയിലെത്തുന്നു. കൊടുത്തവന് അഴിമതിക്കെതിരെ പ്രതികരിക്കണമെന്നുണ്ട്; എന്നാൽ സാധ്യമല്ല. ഈ സ്ഥിതിവിശേഷത്തിന് താനും ഉത്തരവാദിയാണെന്ന് അവന്റെ മനസ്സ് പറയും. ആർക്കെങ്കിലുമെതിരെ ഒരു വിരൽചൂണ്ടുമ്പോൾ തന്റെ മൂന്ന് വിരൽ തനിക്കുനേരെ ചൂണ്ടും.

സ്ത്രീധന സമ്പ്രദായം എത്ര കുടുംബങ്ങളെ കണ്ണീരിലാഴ്ത്തി. യാഥാർത്ഥ്യം അറിയാവുന്നവർ പോലും ഈ പൈശാചിക സമ്പ്രദായത്തിനിരയാകുന്നു. സ്വന്തം കാര്യം കഴിഞ്ഞാൽ മാറിനിന്ന് സ്ത്രീധനത്തിനെതിരെ വ്യാകുലനാകുന്നു. പ്രതികരിക്കണമെന്നുണ്ട്; സാധിക്കുന്നില്ല.

സ്വകർമ്മം കൊണ്ട് സമൂഹത്തിനുണ്ടാകുന്ന ദോഷത്തെക്കുറിച്ച് ബോധവാനല്ലാത്തതാണിതിന് കാരണം. ലോകം നന്നാകാനുള്ള വഴി; സ്വയം നന്നാവുക എന്നതാണ്. നീ നിന്നെത്തന്നെ നന്നാക്കുക. എങ്കിൽ ലോകത്തിലെ ഒരു വിഡ്ഢിയുടെ എണ്ണമെങ്കിലും കുറയ്ക്കാൻ സാധിച്ചു എന്ന് നിനക്ക് സമാധാനിക്കാം. സ്വാമി വിവേകാനന്ദന്റെ വാക്കുകളാണ്.

ബ്രിട്ടനിൽ പട്ടി വളർത്തൽ ദുഷ്കരമായിരുന്നു. കാരണം നായയുടെ കുര അയൽവാസികൾക്ക് ശല്ല്യമായാൽ അവർ നായയുടെ ഉടമസ്ഥനെതിരെ പോലീസിൽ പരാതി നൽകും. പട്ടിയെ വളർത്തി ജനങ്ങൾക്ക് ശല്ല്യമുണ്ടാക്കിയതിന് പട്ടിയുടെ ഉടമസ്ഥൻ ശിക്ഷ അനുഭവിക്കേണ്ടിവരികയും ചെയ്യും. ഇതിന് പരിഹാരം കാണാൻ ബ്രിട്ടനിലെ കമ്പനീസ് ഓഫ് ആനിമൽസ് തീരുമാനിച്ചു. പട്ടിയുടെ കുര നിർത്താൻ ഒരു ഉപകരണം അവർ കണ്ടുപിടിച്ചു. എത്രശക്തമായി കുരച്ചുകൊണ്ടിരിക്കുന്ന പട്ടിയാണെങ്കിലും കഠിനമായ മണം അനുഭവപ്പെട്ടാൽ കുര നിർത്തി മണത്തിന്റെ ശ്രോതസ്സ് തേടി അലയും. പട്ടിയുടെ ഈ സവിശേഷ സ്വഭാവത്തെ മുതലെടുത്താണ് കമ്പനീസ് ഓഫ് ആനിമൽസ് ഉപകരണത്തിന് രൂപ കല്പന ചെയ്തത്. കഠിന മണം വമിക്കുന്ന പ്രത്യേക ദ്രാവകം കൂടിയമർദ്ദത്തിൽ ഒരു ചെറു പാത്രത്തിലാക്കുന്നു. അതിൽ ഒരു മൈക്രോഫോൺ ഘടിപ്പിക്കും. ശബ്ദമുണ്ടായാൽ മൈക്രോഫോൺ പ്രവർത്തിക്കുകയും പാത്രത്തിന്റെ അടപ്പ് തുറക്കുകയും ചെയ്യും. ഉപകരണത്തിന്റെ പ്രവർത്തന രീതിയിതാണ്. ഇത് ബെൽററിൽ ഘടിപ്പിക്കുന്നു. ഈ ബെൽററ് കഴുത്തിലണിയുന്ന പട്ടി ഒന്ന് കുരച്ചാൽ പാത്രത്തിന്റെ അടപ്പ് തുറന്ന് ദ്രാവകം നായയുടെ മൂക്കിലേക്ക് ചീററും. കുര നിർത്തി നായ ദുർഗന്ധത്തിന്റെ ഉറവിടം തേടി അലയും. സ്വന്തം കഴുത്തിൽ നിന്നാണ് നാററം വരുന്നതെന്ന തിരിച്ചറിവ് നായക്കില്ല. തന്റെ ചെയ്തിയാണ് തനിക്ക് ചുററും കാണുന്ന ദുഷിച്ച അവസ്ഥകൾക്ക് കാരണമെന്ന് തിരിച്ചറിയാത്ത മനുഷ്യനെപ്പോലെ.

സമൂഹത്തിന് ദോഷം വരുത്തുന്ന ഒന്നും പ്രവർത്തിക്കാതിരിക്കുക എങ്കിൽ ഏത് അധർമ്മത്തിനെതിരേയും പ്രതികരിക്കാം. സ്വന്തം മുഖത്താകില്ല. വിരൽ തനിക്കെതിരെ ചൂണ്ടില്ല. അന്യർക്ക് ദോഷം വരുന്ന ഏതെങ്കിലും പ്രവൃത്തി ചെയ്യുകയോ അതിന് കൂട്ടു നിൽക്കുകയോ ഇല്ലെന്ന തീരുമാനത്തോടെ ഈ നല്ല ദിനം ആരംഭിക്കാം.

✵

## തിരുത്ത്

### ചിരി

2020 ഒക്ടോബർ മാസത്തിലെ 32-ാം പേജിലെ ചിരി എന്ന ലേഖനത്തിൽ വന്ന ഒരു പിഴവ് ലേഖകൻ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഇങ്ങനെ ഒരു പിഴവ് പറ്റിയതിൽ ആത്മാർത്ഥമായ ഖേദം രേഖപ്പെടുത്തുന്നു. ടി ലേഖനത്തിന്റെ തുടക്കം ചുവടെ ചേർത്ത രീതിയിൽ വായിക്കുവാൻ അഭ്യർത്ഥിക്കുന്നു.

ലോകം മുഴുവൻ ചിരിയെ അംഗീകരിക്കുന്നു. അതാചരിക്കാൻ ഒരു ദിനം **ജനുവരി പത്ത്.** ഏത് വികാരത്തിനടിമപ്പെടുമ്പോഴും ശരീരത്തിൽ വ്യത്യസ്ഥ ഹോർമോണുകൾ ഉൽപ്പാദിപ്പിക്കപ്പെടുന്നു. ക്രോധം വരുമ്പോഴും സമ്മർദ്ദം അനുഭവിക്കുമ്പോഴും ശരീരത്തിൽ ഉദ്പാദിപ്പിക്കപ്പെടുന്ന പ്രത്യേകതരം ഹോർമോൺ പല രോഗങ്ങൾക്കും കാരണമാകുന്നു. എന്നാൽ ചിരിക്കുമ്പോൾ ഉണ്ടാകുന്ന ഹോർമോൺ നേരത്തെ ഉണ്ടായതിനെതിരെ പ്രതിപ്രവർത്തിക്കുകയും രോഗശമനവും മനഃശാന്തിയും കൈവരിക്കുകയും ചെയ്യുന്നു എന്ന് വൈദ്യശാസ്ത്രം പറയുന്നു.

***എഡിറ്റോറിയൽ ബോർഡ്***

# Why to carry the GUILT with YOU

*Er. K.Thomas Kolanjikombil*

Guilt (n&v) = the unhappy feeling caused by knowing or thinking that you have done wrong.

Guilty (adj) = feeling ashamed because you have done something that you know is wrong or that you have not done something that you should have done.

A judge/ jury determines a case based on the evidence before it. Likewise your conscience - a part of mind - decides that you are doing right or wrong, based on the moral values and principles you have acquired. When you officiate, if you have a guilty conscience you feel guilty because you know that it was wrong, but if you ha ve a clear conscience you don't feel guilty because you have done nothing wrong. Conscience is internal awareness of moral standards in the mind deciding right or wrong in one's conduct and impel one towards right action. People having guilty conscience avoid eye contact while speaking to you and try to avoid you. They lack confidence, they accuse others, they easily become emotional and their natural response is lying. Suspicion (doubt) always haunt the guilty mind. After anger and fear, doubt is the next enemy to an individual. It is easy for suspicion to turn into obsession. Guilt and conscience are synonymously tied. Guilt and shame are two emotional status which are big burden. Freeing from them liberate you from carrying the burden of the past to the present. Freeing from them also remove the accompanying fear and anxiety of guilt.

It is a misperception that there is right or wrong course of action. You have only the best way of action. You have done the best you could at that time in that particular circumstance. The thought that "I have committed an untoward act and I deserved to be punished" is misguided thinking. You need not carry the guilt of past to the present. As you progress in the journey of life and acquire better understanding and awareness, you look back on the past with a feeling of regret and remorse for your action. You should be looking to the past actions with a compassionate - heart filled with forgiveness rather than remorse - outlook. So that you are healing the past and bringing new life to the present and future. By carrying the guilt of past with you, you are torturing yourself.

Shame is viewed as a product of failing to live up to an imagined ideal of oneself. You create an image which is accumulation of your thoughts and ideals of those who respect and love. But as you move forward in your life you fail

to achieve this. This create the bais of shame, since you feel unworthy of measuring up to the image perpetuated. Remember, the icon you created is merely a mirage, a canvas created by the mind in which you attempted to live up to. Similarly society also hold a set of ideals. Shame create an unrealistic measure of self worth. The accumulation of shame can lead to depression and anxiety. No one want to feel bad ie have anxiety, anger, depression, stress and resentment. But there is no escape. The heart of feeling bad is fear, fear of failure and fear of rejection. Similarly most of the traditions are just peer pressure from the dead. But they must go hand in hand with the progress of human mind. Newton said "we can see further if we are willing to stand on the shoulders of those who come before, but you should never let tradition to rule you. Your spirituality should be discovered and not inherited. While choosing your belief, choose the empowering and resourceful one".

Christians believe you feel guilty when the fruits of spirit - love, joy, peace, patience, kindness, goodness, faithfulness, humility and self control - all disappear from our daily lives. At cross Jesus paid for all your past sins and you are guiltless before God.

In the epic battle of Kurukshetra, Arjuna stands perplexed at the sight of his guru Dronacharya, his kith and kin in the opposing army. The great warrior loses his will to fight and was filled with grief and remorse that he must kill his own flesh and blood. Lord Krishna reveal himself to Arjuna and enlighten him about duty, action and renunciation. The Lord said, everything happens for a cause and what ever happens in life happens for good and there is always a cause or reason behind that. The intention behind the action is what matters. Even if we do something wrong, at the end of the day if the reason behind that is sacred or pure, then it is fair. What ever thought or energy we put out, we get back good or bad. Right from the birth an individual is bound by responsibilities. In life time he is called to complete these responsibilities with an attitude of non attachment and detachment. Never consider "yourself" the cause of the result of your action.

The view of Indian spirituality on the subject matter may be summarized as follows.

1- What ever happened has to happen in that way, it could not change.

2 -Who ever you met in life, you are supposed to meet and there is a purpose in meeting that person. There is no chance to meet anybody else. It is based on your actions. You have to meet this person to learn something, to teach you something and settle something.

3 -There is a time set for what ever happening to you, neither before nor later.

4 - What ever over is over .

Do not hold on to it saying I have made a mistake I could have done it in a better way. So Why to carry the guilt with you?.

# റവന്യൂ അനാലിസിസ് മീറ്റിംഗ്

**_Er._ ഹരികുമാർ എ.ബി.**
*അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ*

**രംഗം 1 : റവന്യൂ അനാലിസിസ് മീറ്റിംഗ് (നവംബർ അഞ്ച് )**

നമ്മുടെ സ്ഥാപനത്തിന്റെ അത്യന്തം ശോചനീയമായ സാമ്പത്തിക സ്ഥിതിയെക്കുറിച്ചും, കുടിശ്ശിഖ പിരിച്ചെടുത്തില്ലെങ്കിൽ അടുത്ത മാസത്തെ ശമ്പളം പോലും കിട്ടാൻ പ്രയാസമുള്ള സ്ഥിതി വിശേഷം ഉണ്ടായേക്കുമെന്നും, മേലധികാരികളുടെ ആശങ്കകലർന്ന മുഖവുര .

**രംഗം 2 : അന്നു വൈകിട്ട്**

അതിൽ നിന്നും വർദ്ധിത വീര്യം ഉൾക്കൊണ്ട് ഞാൻ, ആകെ കുടിശ്ശികയുടെ കേവലം 25% ഡിസ്കണക്ഷൻ നോട്ടീസ് തയ്യാറാക്കി വിതരണം നടത്തുന്ന സൂപ്രണ്ടുമാരെയും, AE മാരെയും ശാസിച്ചു.

ഞാൻ : "പുൾ അപ് യുവർ സോക്സ് ആൻഡ് ഡു ദ വർക്ക്. നാളെയും മറ്റന്നാളും കൊണ്ട് മുഴുവൻ DC നോട്ടീസും കൊടുത്തു തീർക്കണം".

"എന്നിട്ട് DC ഡേറ്റ് മുതൽ വിച്ഛേദനം തുടങ്ങിയേക്കണം. വർക്ക് വിത് യുവർ ഹാർട്ട് ഇൻ യുവർ മൗത്ത്" .

SS :- "സാറേ, ഞങ്ങൾ ABC അനാലിസിസ് നടത്തി ലിസ്റ്റാക്കിയിട്ടുണ്ട്. പക്ഷെ റവന്യൂ ടീമിൽ ആളില്ല".

ഞാൻ : – (ABC അനാലിസിസോ BCG മാട്രിക്സോ, എന്തായാലും) AE യോട് : "എന്തു പറ്റി? SS ന് ആളെ കൊടുക്കാത്തതെന്താണ് ?"

AE (കരയുന്ന സ്വരത്തിൽ ) "സാറേ , മൂന്നു പേർ ക്വാറന്റീനിൽ, മൂന്നു പേരെ റിലീവ് ചെയ്തു, മൂന്ന് കോവിഡ് ഔട്ട് സെന്ററിൽ ഓരോ ആള് വീതമേ ഉള്ളൂ:

ഞാൻ : അതൊന്നും പറഞ്ഞില്ല. താങ്കളും നമ്മുടെ റവന്യൂ പൊസിഷനെക്കുറിച്ച് കേട്ടതാണല്ലോ. ഒരുകാര്യം ചെയ്യ്. മെയിന്റനൻസിൽ ഉള്ള സ്റ്റാഫിനെ റവന്യൂവിലേക്ക് തൽക്കാലം കൊടുക്ക്.

AE. ശരി സർ

**രംഗം 3 : നവംബർ എട്ട് ഞായർ**

'ഇനിയൊരു ഉത്തരവുണ്ടാകുന്നതു വരെ വിച്ഛേദനം പാടില്ല" – സ്ഥാപന മേലധികാരിയുടെ ഉത്തരവ് '

ഞാൻ : Flabbergasted : അതായത് ഇതികർത്തവ്യാതാ മൂഢൻ ആയി ഇരുന്നുപോയി ബോധം വീണപ്പോൾ ആലോചിച്ചു ? എന്തു പറ്റി ?

ഒന്നിരുട്ടിവെളുത്തപ്പോഴേക്കും ബോർഡിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെട്ടോ ?

ഇനിയെങ്ങാനും, ബോർഡിന്റെ സ്ഥിതി മനസ്സി ലാക്കിയ കുടിശ്ശികക്കാർ കാശ് മുഴുവൻ അടച്ചോ ?

അതോ എന്തെങ്കിലും സാമ്പത്തിക ഉത്തേജക പാക്കേജ് ലഭിച്ചോ ?

ഞാ, എന്തായാലും നല്ലത്. അപ്പം തിന്നാൽ പോരേ, കുഴിയെണ്ണേണ്ടല്ലോ?

സാമ്പത്തിക സ്ഥിതി മെച്ചപ്പെട്ട സ്ഥിതിക്കിനി DA അരിയറും ശമ്പള പരിഷ്കരണവും ഉടനെ തന്നെ കിട്ടുമല്ലോ .

എന്നിട്ടു വേണം ഒരു ബെൻസ് സി ക്ലാസ്സ് ബുക്ക് ചെയ്യാൻ :

# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956 ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)

CIN: U40100KL2011SGC027424

**രജിസ്റ്റേർഡ് ഓഫീസ്** : **വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം–695004**

**കേരളം, ഫോൺ** : +91 471 2514472, 2514527, 2514455, 2514608

**വെബ്** : www.kseb.in, **ഇ–മെയിൽ** pokseb@gmail.com


## സംഗ്രഹം

കോവിഡ് – 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ KSEBL സർവ്വീസ് പെൻഷൻകാരുടെ / കുടുംബ പെൻഷൻകാരുടെ വാർഷിക ലൈഫ് മസ്റ്ററിംഗ് നടത്തുന്നതിനുള്ള തീയതി ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## കോർപ്പറേറ്റ് ഓഫീസ് (പേഴ്സണൽ)

ഓഫീസ് ഓർഡർ (സി.എം.ഡി) നം. 1482/2020 [പി.എസ്.1 (ബി) 69/2019] തിരുവനന്തപുരം

തീയതി : 18-11-2020

പരാമർശം : സ. ഉ.(സാധാ) നം. 5600/2020 ധന. തീയതി : 30-09-2020

## ഉത്തരവ്

സർവ്വീസ് പെൻഷൻകാരുടെ / കുടുംബ പെൻഷൻകാരുടെ വാർഷിക ലൈഫ് മസ്റ്ററിംഗ് നടത്തുന്നതിനായി ചുവടെ വിശദീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ ഉപയോഗപ്പെടുത്തിവരുന്നു.

എ) സർവ്വീസ് പെൻഷൻ / കുടുംബ പെൻഷൻ വാങ്ങുന്നവർ ബന്ധപ്പെട്ട പെൻഷൻ ARUകളിൽ നേരിട്ട് ഹാജരായി.

ബി) ചട്ടപ്രകാരമുള്ള ലൈഫ് സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട ARU കളിൽ സമർപ്പിച്ച്.

കോവിഡ് – 19 മഹാമാരിയുടെ വ്യാപനം സംസ്ഥാനത്ത് അതിതീവ്രമായി തുടരുന്ന സാഹചര്യത്തിൽ സർവ്വീസ് പെൻഷൻ / കുടുംബ പെൻഷൻ കൈപ്പറ്റുന്ന വയോജനങ്ങളുടെ യാത്രകൾ പരമാവധി കുറയ്ക്കുന്നതിനായി നിലവിലുള്ള മാർഗ്ഗങ്ങൾക്ക് പുറമെ ചുവടെ പറയുന്നതിൽ ഏതെങ്കിലും മാർഗ്ഗേന വാർഷിക ലൈഫ് മസ്റ്ററിംഗ് നടത്തുന്നതിനുള്ള അനുവാദം നൽകികൊണ്ടും മസ്റ്ററിംഗ് നടത്തുന്നതിനുള്ള തീയതി 2021 മാർച്ച് 31 വരെ ദീർഘിപ്പിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

എ) KSR ഭാഗം III ചട്ടം 128 (ബി) ൽ വ്യവസ്ഥ ചെയ്യുന്ന സർക്കാർ ഉദ്യോഗസ്ഥരിൽ നിന്നും ലഭിക്കുന്ന വാർഷിക ജീവന സാക്ഷ്യപത്രം തപാൽ വഴി ബന്ധപ്പെട്ട ARU വിൽ ലഭ്യമാക്കാവുന്നതാണ്.

ബി) KSR ഭാഗം III ചട്ടം 128 (ബി) ൽ വ്യവസ്ഥ ചെയ്യുന്ന സർക്കാർ ഉദ്യോഗസ്ഥരിൽ നിന്നും ലഭിക്കുന്ന വാർഷിക ജീവന സാക്ഷ്യപത്രം ഇ-മെയിൽ വഴി ബന്ധപ്പെട്ട ARU വിൽ ലഭ്യമാക്കാവുന്നതാണ്. (ARU മേലധികാരികളുടെ ഇ. മെയിൽ അഡ്രസ്സ് അനുബന്ധമായി ഉള്ളടക്കം ചെയ്തിരിക്കുന്നു.)

31-03-2021 നുശേഷം കേരള ട്രഷറി കോഡ് വാല്യം 1 ചട്ടം 280 (എ) പ്രകാരം വാർഷിക ലൈഫ് മസ്റ്ററിംഗ് പരിമിതപ്പെടുത്തുന്നതാണ്.

ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ ആജ്ഞാനുസരണം.

ഒപ്പ്

**ഉണ്ണികൃഷ്ണൻ പി. ജി.**

സെക്രട്ടറി (ഭരണം)



**KSEB ENGINEERS' ASSOCIATION**
**Hydel Bullet Monthly**
**RNI Reg.No.KERENG/2013/48628**
**Reg. No. KL/TV(N)/645/2019-2021**

**Price ₹ 10**
**Licensed to Post without pre payment.**
**No. KL/TV(N)WPP/203/ 2019 - 21 at Tvpm. RMS**
**Date of Publication 27-11-2020**




**Edited, Printed & Published by Muraly P, Chief Editor, Hydel Bullet for and on behalf of KSEB Engineers' Association, Panavila, Trivandrum-01, Ph:0471-2330696, Email: hydelbulletin@gmail.com, Web: ksebea.in at Bhagath Printers, Pattom, Trivandrum - 4 , Mob : 8138 91 81 91, bhagathprinters@gmail.com**

**For private circulation only**